**ചോദ്യോത്തരം**

**മുജീബ്**

# എതിർപ്പും സഹകരണവും

■ *കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയെ ഇതര മുസ്‌ലിം സംഘടനകൾ രൂക്ഷമായ ഭാഷയിൽ വിമർശിച്ചുവരുന്നു. എങ്കിലും ജമാഅത്തിന്റെ ഓരോ പ്രവർത്തന മേഖലയിലും അതിന്റെ ശൈലിയെ ഇവർ അനുകരിക്കാനും വെമ്പൽകൊള്ളുന്നു. മാത്രവുമല്ല, പ്രസ്ഥാനത്തിന്റെ സമ്മേളനമായാലും സാമൂഹ്യപ്രവർത്തനമായാലും ഇവരിൽനിന്നുള്ള പലരും സഹകരിക്കുകയും സംഭാവന നൽകുകയും ചെയ്തുവരുന്നു. അതിന്റെ ആനുകാലികങ്ങൾ ആവേശത്തോടെ സ്വീകരിക്കുന്നതും ഒരു പക്ഷെ നിലനിർത്തുന്നതും ഇവരും ഇവരുടെ അനുയായികളും തന്നെയല്ലേ? അപ്പോൾ ഇതിനർഥം ജമാഅത്തിനോടുള്ള അവരുടെ എതിർപ്പ് ആത്മാർഥമല്ല എന്ന് തന്നെയല്ലേ?*

***നസീർ പള്ളിക്കൽ, രിയാദ്***

ജമാഅത്തെ ഇസ്‌ലാമിയോടുള്ള വിയോജനവും എതിർപ്പും ചിലരെ സംബന്ധിച്ചേടത്തോളം ആത്മാർഥം തന്നെയാണെന്ന് കരുതാനാണ് ന്യായം. അത്തരക്കാർ ഉദ്ധരണികളിൽ കൃത്രിമം കാണിക്കുകയോ ദുർവ്യാഖ്യാനങ്ങളുടെയും വ്യാജങ്ങളുടെയും പിൻബലത്തോടെ സ്വന്തം വാദം അവതരിപ്പിക്കുകയോ ഇല്ല. സത്യമാണെന്ന് ബോധ്യപ്പെട്ട കാര്യങ്ങൾ അംഗീകരിക്കും. പക്ഷെ, പ്രശ്നങ്ങളിലുള്ള ജമാഅത്തിന്റെ എല്ലാ സമീപനങ്ങളോടും അവർ യോജിക്കണമെന്നില്ല. അതുപോലെ ഇസ്‌ലാമിനെ ആത്മീയ ദർശനമായി മാത്രം കാണുന്നവർക്ക് ജമാഅത്ത്, ഇസ്‌ലാമിനെ രാഷ്ട്രീയവത്കരിച്ചു എന്നു തോന്നാം.

എന്നാൽ കേരളത്തിലെ ചില മുസ്‌ലിം സംഘടനകളുടെ നേതാക്കളും വക്താക്കളും അന്ധമായ ജമാഅത്ത് വിരോധം കൊണ്ടുനടക്കുന്നവരാണ്. ഒരു ന്യായം നഷ്ടപ്പെടുമ്പോൾ മറ്റൊരു ന്യായം കണ്ടെത്തി എതിർക്കുക എന്നതാണ് അവരുടെ രീതി. ഉദാഹരണത്തിന്, പതിറ്റാണ്ടുകളോളം, ഇബാദത്തിന്റെ അർഥം പറഞ്ഞതിൽ ജമാഅത്തിന് പിഴച്ചു, അതിനാൽ തൗഹീദിൽനിന്ന് വ്യതിചലിച്ചു എന്ന് കിട്ടാവുന്ന എല്ലാ വേദികളിലും പറഞ്ഞുനടന്നു; കൊല്ലങ്ങളോളം. ഖുത്വ്ബകൾ അതിനായി നീക്കിവെച്ചു; പുസ്തകങ്ങൾ നിരവധി പുറത്തിറക്കി. ജമാഅത്ത് വസ്തുനിഷ്ഠമായ മറുപടിയും പറഞ്ഞു. ഇപ്പോഴോ? ഇബാദത്ത് വിഷയമേ അല്ല. ജമാഅത്താകട്ടെ, മുൻ നിലപാടിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. ഇബാദത്തിനെക്കുറിച്ച ചർവിത ചർവണം ഫലിക്കുന്നില്ലെന്ന് കണ്ടപ്പോഴാണ് 'മതരാഷ്ട്രവാദ'വുമായി വന്നത്; ഇപ്പോൾ അതിനോട് തീവ്രവാദവും കൂട്ടിക്കെട്ടി എന്ന് മാത്രം. തികഞ്ഞ അസംബന്ധം എന്ന് പറയേണ്ട ഈ പ്രചാരണത്തിന്റെ മുനയൊടിക്കാൻ ജമാഅത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും എതിർക്കാൻ മറ്റൊരു ന്യായം കിട്ടുന്നതുവരെ അവരത് തുടരും.

ഈമാൻ കാര്യങ്ങൾ അഞ്ചാക്കി, നബി(സ)യെയും സ്വഹാബത്തിനെയും നിന്ദിച്ചു എന്നൊക്കെ പാടി നടന്ന പണ്ഡിതന്മാരുടെ കഥയും അതുതന്നെ. ഇവരുടെയൊക്കെ അനുയായികളിൽ ഗണ്യമായൊരു വിഭാഗത്തെ ജമാഅത്തെ ഇസ്‌ലാമി വഴിതെറ്റി എന്ന് വിശ്വസിപ്പിക്കാൻ ഇവർക്ക് സാധിച്ചിട്ടില്ല. ജമാഅത്തുമായി രാഷ്ട്രീയത്തിലടക്കം പല കാര്യങ്ങളിലും വിയോജിക്കുന്നതോടൊപ്പം അതൊരു ഇസ്‌ലാമിക പ്രസ്ഥാനം തന്നെയാണെന്ന് അവർ അംഗീകരിക്കുന്നു. അതിനാൽ പ്രസ്ഥാനത്തിന്റെ മാനുഷിക, വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തനങ്ങളോട് സഹകരിക്കുന്നു, പത്രങ്ങളും പുസ്തകങ്ങളും വായിക്കുന്നു. അതുകൊണ്ടാണ് ജമാഅത്ത് പ്രവർത്തകരുടെ എണ്ണത്തേക്കാൾ എത്രയോ

കൂടുതലായി പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും ഫണ്ട് സമാഹരണത്തിന്റെ വിജയവുമൊക്കെ. മാത്രമല്ല, സമുദായം കടുത്ത പരീക്ഷണങ്ങൾ നേരിട്ടപ്പോഴൊക്കെ ജമാഅത്തിന്റെ പ്രതിരോധം മതിപ്പും അംഗീകാരവും നേടിയെടുത്തു. കുരക്കുന്നവർ കുരക്കട്ടെ, യാത്രാസംഘം മുന്നോട്ട് എന്ന് തീരുമാനിക്കാൻ ജമാഅത്തിന് ഇത് പ്രചോദനമേകുന്നു.

# മാതൃഭൂമിയുടെ പാരമ്പര്യം

■ *'നിർഭയവും നിഷ്പക്ഷവും നീതിക്കുവേണ്ടി നിലകൊള്ളുന്നതുമായ മാധ്യമപ്രവർത്തനമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് പ്രമുഖ സാമൂഹിക പ്രവർത്തകയും മഹാത്മാഗാന്ധിയുടെ പൗത്രിയുമായ സുമിത്രാഗാന്ധി കുൽക്കർണി അഭിപ്രായപ്പെട്ടു. മലയാളികളിലെ ഉയർന്ന ചിന്താശീലത്തിനു പിന്നിൽ* മാതൃഭൂമി *വഹിച്ച പങ്ക് നിസ്തുലമാണെന്നും അവർ പറഞ്ഞു.*

മാതൃഭൂമി *മാനേജിംഗ് ഡയറക്ടർ എം.പി വീരേന്ദ്രകുമാർ ഗാന്ധിജിയുടെ ഓർമ മറ്റിടങ്ങളെക്കാളും തുടിച്ചുനിൽക്കുന്നത് മലപ്പുറം ജില്ലയിലാണെന്ന് പറഞ്ഞു. "ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രധാന ഉത്തേജനം മഹാത്മജിയായിരുന്നു. ഏതോ ചാലകശക്തിയായി ഗാന്ധിജി ഏറ്റവും കൂടുതൽ പ്രസക്തനാകുന്ന കാലഘട്ടമാണിത്. സാമ്രാജ്യത്വത്തിനു മുന്നിൽ മുട്ടുമടക്കാതെ പോരാടിയവരാണ് മാതൃഭൂമിക്ക് പണ്ട് നേതൃത്വം നൽകിയവരെങ്കിൽ ഒരുകാര്യം ഇന്നും ഉറപ്പിച്ചുപറയാം. ഒരു ഭീഷണിക്കും ഞങ്ങളെ ഇനിയും തടയാനാവില്ല." വീരേന്ദ്രകുമാർ വ്യക്തമാക്കി.* (മാതൃഭൂമി, *2010 ഏപ്രിൽ 14) മുജീബിന്റെ പ്രതികരണം?*

***അൽത്താഫ് അഹ്മദ് വല്ലാഞ്ചിറ***

**ദേ**ശീയ പ്രസ്ഥാനത്തിന് ശക്തിപകർന്ന് സ്വാതന്ത്ര്യസമരത്തോടൊപ്പം നിന്ന പത്രം തന്നെയാണ് *മാതൃഭൂമി*. പത്രം നേടിയെടുത്ത സ്വാധീനത്തിന്റെ മുഖ്യസ്രോതസ്സ് അതാണുതാനും. പക്ഷേ, പോയകാലത്ത് അവഗണിക്കാനാവാത്ത പാളിച്ചകൾ *മാതൃഭൂമി*ക്ക് പറ്റിയിട്ടുണ്ട്. ഇപ്പോഴും പറ്റുന്നുമുണ്ട്.

ഹിന്ദുക്കളിലെ സവർണവിഭാഗത്തെ പ്രതിനിധീകരിക്കുന്ന പത്രമാണ് മാതൃഭൂമി എന്ന് പിറവി മുതൽ നിലനിൽക്കുന്ന ധാരണ ശക്തിപ്പെടുത്തുന്നതാണ് അതിന്റെ സമീപനം. മാതൃഭൂമിയോടുള്ള വിയോജനമാണ് ധീരദേശാഭിമാനി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് അൽഅമീൻ ആരംഭിക്കാൻ പ്രേരണയായതെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. പിൽക്കാലത്ത് കോഴിക്കോട് ജില്ല വിഭജിച്ച് മലപ്പുറം ജില്ല രൂപവത്കരിക്കാൻ ഇ.എം.എസ് ഗവൺമെന്റ് തയാറായപ്പോൾ രൂക്ഷവും നെറികെട്ടതുമായിരുന്നു *മാതൃഭൂമി*യുടെ എതിർപ്പ്. മിനി പാകിസ്താൻ നിലവിൽ വരാൻ പോവുന്നു എന്ന മട്ടിലായിരുന്നു പ്രചാരണം. അങ്ങാടിപ്പുറം തളിക്ഷേത്രപ്രശ്നം കെ. കേളപ്പൻ ഏറ്റെടുത്തു വർഗീയ സ്വഭാവത്തിൽ ആളിക്കത്തിയപ്പോൾ ഒപ്പം നിന്നത് *മാതൃഭൂമി*യാണ്. സി.എച്ച് മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ കാലിക്കറ്റ് യൂനിവേഴ്സിറ്റി സ്ഥാപിക്കാൻ ഒരുങ്ങിയപ്പോൾ *മാതൃഭൂമി* എതിർവശത്താണ് നിലയുറപ്പിച്ചത്. പിന്നാക്ക ന്യൂനപക്ഷ സമുദായമായ മുസ്‌ലിംകളെ സംശയദൃഷ്ടിയോടെ വീക്ഷിച്ച *മാതൃഭൂമി* അവരുടെ ഉന്നമനത്തിനുതകുന്ന എല്ലാ നടപടികളെയും നിരുത്സാഹപ്പെടുത്തി.

കാലംമാറി. എന്നാൽ കഥ പൂർണമായും മാറിയില്ല. മതേതരനായ എം.പി വീരേന്ദ്രകുമാർ സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുമ്പോൾ തന്നെ, മുസ്‌ലിം സമുദായത്തെ ഉന്നംവെക്കുന്ന തീവ്രവാദാരോപണങ്ങൾക്ക് ആവശ്യത്തിലധികം ശക്തിപകരാൻ പത്രം മെനക്കെടുന്നു. സംശയകരമായ പോലീസ്ഭാഷ്യം പരമ സത്യമായി അവതരിപ്പിക്കുന്നു. മതേതരനാട്യക്കാർക്ക് ഇസ്‌ലാമിക സംഘടനകളെ കടന്നാക്രമിക്കാൻ ഉദാരമായി സ്ഥലമനുവദിക്കുന്നു. ഹിന്ദു മതത്തിലെ ആൾ ദൈവങ്ങളെയും അന്ധവിശ്വാസങ്ങളെയും ആഘോഷമാക്കി മാറ്റുമ്പോൾ മുസ്‌ലിം സമുദായത്തിന്റെ ഇസ്‌ലാമികാചാരങ്ങളെപ്പോലും പൊറുപ്പിക്കാത്ത 'പരിഷ്കരണവാദികൾ'ക്കാണ് *മാതൃഭൂമി*യുടെ പിന്തുണയും പ്രോത്സാഹനവും. ഇടക്ക് ബാലൻസ് ചെയ്യുന്ന എന്ന് തോന്നിപ്പിക്കാൻ മറു വീക്ഷണത്തിനും ഇടം നൽകുമെന്നുമാത്രം. 'ഇസ്‌ലാമിക ഭീകരത' എന്ന പദപ്രയോഗം തന്നെ തീർത്തും ദുരുപദിഷ്ടവും അയഥാർഥവുമായിരിക്കെ *മാതൃഭൂമി*ക്കത് പ്രിയങ്കരമാണ്. വീരേന്ദ്രകുമാർ പിണറായിയോട് പിണങ്ങി യു.ഡി.എഫിൽ ചേക്കേറിയതിൽ പിന്നെ മറ്റൊരു മനോരമയായി പത്രം മാറിയിട്ടുണ്ട് എന്നു നിഷ്പക്ഷമതികൾ നിരീക്ഷിക്കുന്നു. എന്നാൽ, നിലവാരവും ഗൗരവവും വലിയൊരളവോളം നിലനിർത്തുന്ന പത്രമാണ് *മാതൃഭൂമി* എന്ന് സമ്മതിക്കുന്നതാണ് ശരി.

# യുക്തിവാദികളുടെ പകൽകിനാവ്

■ *'വർഗീയ ഭീകരവാദ സംഘടനകളായ ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി, എസ്.ഡി.പി.ഐ, എൻ.ഡി.എഫ് എന്നിവയെ രാജ്യദ്രോഹകുറ്റം ചുമത്തി നിരോധിക്കണം. ജാതി-മത മിശ്രവിവാഹങ്ങൾ സാർവത്രികമാക്കണം. അതിനുവേണ്ടി സ്വജാതി സ്വമത വിവാഹങ്ങൾ നിരോധിക്കുകയും മിശ്രവിവാഹങ്ങൾ നിർബന്ധമാക്കുകയും അതിന് നിയമനിർമാണം നടത്തുകയും വേണം. കേരള യുക്തിവാദി സംഘം 26-ാം സംസ്ഥാന സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം ചെയ്ത യുക്തിവാദി നേതാവും യുക്തിരേഖ മാസിക ചീഫ് എഡിറ്ററുമായ യു. കലാനാഥന്റെ പ്രസംഗം. പ്രതികരണം?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

**കേ**രള യുക്തിവാദി സംഘം 26-ാം സംസ്ഥാന സമ്മേളനം നടക്കുമ്പോൾ സംഘടന എവിടെ എത്തി എന്നോർക്കുന്നത് കൗതുകകരമാവും. തമ്മിൽതല്ലി പലതായി പിരിഞ്ഞു, പണ്ടേ ആൾബലമില്ലാത്ത പ്രസ്ഥാനം കൂടുതൽ ദുർബലമായി. അതിലൊരു സംഘത്തിന്റെ പ്രസിഡന്റായി നടക്കുകയാണ് കലാനാഥൻ. പരമസത്യമായ ദൈവത്തെപോലും നിഷേധിച്ച്, മാനവകുലം ഇന്നേവരെ പരിരക്ഷിച്ചുവന്ന മതധാർമിക മൂല്യങ്ങളെ നിരാകരിച്ച്, മനുഷ്യൻ തോന്നിയപോലെ ജീവിക്കണമെന്നാഹ്വാനം ചെയ്യുന്ന ഒരു ദർശനത്തെ പൂർണ ഭൗതിക വാദികളായ കമ്യൂണിസ്റ്റുകാർ കൂടി തള്ളിപ്പറഞ്ഞിരിക്കുന്നു. സി.പി.എമ്മിൽനിന്ന് പുറത്തായ കലാനാഥനെ യുക്തിവാദികളിലും വലിയൊരു വിഭാഗം അംഗീകരിക്കുന്നില്ല. അപ്പോൾ പിന്നെ രോഷമൊക്കെ ആരോടെങ്കിലും തീർക്കണം. അത് മതേതര നാട്യക്കാരുടെ എതിർപ്പിന് ശരവ്യയമായ ജമാഅത്തെ ഇസ്‌ലാമിയുടെ നേരെ ആയിരുന്നാൽ അവരുടെയെങ്കിലും പിന്തുണ കിട്ടിയാലോ?

ഇന്ത്യ ജനാധിപത്യരാജ്യമാണ്. ജനാധിപത്യത്തിൽ വിശ്വാസ സ്വാതന്ത്ര്യവും ആദർശ പ്രചാരണസ്വാതന്ത്ര്യവും എല്ലാവർക്കും അവകാശപ്പെട്ടതാണ്. തോന്നിയപോലെ വിലക്കും നിരോധവും ഏർപ്പെടുത്താൻ സർക്കാറുകൾക്ക് കഴിയില്ല. രാജ്യദ്രോഹം ചെയ്താലേ രാജ്യദ്രോഹകുറ്റം ചുമത്താനാവൂ. ജമാഅത്തെ ഇസ്‌ലാമി രാജ്യദ്രോഹം ചെയ്യുന്നതായി സർക്കാറിന് ബോധ്യപ്പെട്ടിട്ടില്ല. ബോധ്യപ്പെടുത്താൻ കപടമതേതര വാദികളും യുക്തിവാദികളും ഫാഷിസ്റ്റ് സംഘടനകളും മതപുരോഹിതന്മാരുമെല്ലാം ആറ് പതിറ്റാണ്ട് കാലം ശ്രമിച്ചിട്ടും സാധിച്ചിട്ടുമില്ല. പൗരാവകാശങ്ങൾ റദ്ദാക്കിയ അടിയന്തരാവസ്ഥയിലാണ് ഒരിക്കൽ നിരോധിച്ചത്. അടിയന്തരാവസ്ഥയുടെ തണൽ നഷ്ടപ്പെട്ടതോടെ നിരോധവും പിൻവലിക്കേണ്ടിവന്നു. ഭരണഘടനാ വാഴ്ച നിലനിന്നപ്പോൾ നരസിംഹ റാവു സർക്കാർ നടപ്പാക്കിയ നിരോധം സുപ്രീംകോടതിയും റദ്ദാക്കി. ആശയത്തെ ആശയം കൊണ്ടാണ് ആണത്തമുണ്ടെങ്കിൽ നേരിടേണ്ടത്. ആശയപാപ്പരത്തം ബാധിച്ചവരാണ് നിരോധത്തിനായി മുറവിളി കൂട്ടുക. ഈ ഭീരുക്കളെ പുല്ല് വിലവെക്കാതെ മുന്നോട്ട് നീങ്ങാനുള്ള കരുത്ത് ദൈവേഛയാൽ ഇസ്‌ലാമിക പ്രസ്ഥാനത്തിനും അതിന്റെ യുവജനവിഭാഗത്തിനും ഉണ്ട്.

# ഉണ്ണിത്താന്റെ പോരാട്ടം

■ *'പ്രായപൂർത്തിയായ ഏത് സ്ത്രീക്കും പുരുഷനും ഒന്നിച്ചു താമസിക്കാനും യാത്ര ചെയ്യാനും കോടതി അനുവദിച്ചിട്ടുണ്ട്. സ്വവർഗരതിയും അനുവദിച്ചിട്ടുണ്ട്. അതിനാൽ ഇതിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടും.'*

*'സി.പി.എമ്മിന്റെ സദാചാരം തുറന്ന് കാണിക്കും. മന്ത്രിമന്ദിരങ്ങളിൽ നടക്കുന്നതും തുറന്ന് കാണിക്കും.'*

*കെ.പി.സി.സി വെള്ളപൂശിയ ഉണ്ണിത്താന്റെ പ്രസ്താവന. രാഷ്ട്രീയക്കാരുടെ സദാചാരത്തെ പറ്റി മുജീബിന്റെ പ്രതികരണം?*

***എ.ആർ. ചെറിയമുണ്ടം***

**രാ**ജ്മോഹൻ ഉണ്ണിത്താൻ കൊണ്ടുനടക്കുന്ന സദാചാരത്തിന്റെ നഗ്നരൂപം മഞ്ചേരിയിൽ കണ്ടു. അത് രാഷ്ട്രീയ പ്രതിയോഗികൾ ആയുധമാക്കിയപ്പോൾ അവരെ തുറന്ന് കാണിക്കാനാണ് ഇപ്പോഴത്തെ പോരാട്ടം. താന്തോന്നികളായ ഒരു സംഘത്തിന്റെ പിടിയിലേക്ക് വഴുതുകയാണ് ഇന്ത്യൻ രാഷ്ട്രീയം. അവർക്ക് പച്ചക്കൊടി കാട്ടുകയാണ് നിർഭാഗ്യവശാൽ നീതിന്യായ സ്ഥാപനങ്ങൾ.

രാഷ്ട്രീയം തെമ്മാടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ് എന്ന് പറഞ്ഞയാൾ എത്ര മഹാൻ! ഈ അരാജകത്വവാദികളുടെ കൈയിൽ രാജ്യം എവിടെ എത്തുമെന്ന് ആലോചിക്കാൻ പോലും ഭയമാകുന്നു.

# ലോട്ടറിയും പ്രാർഥനയും

■ *ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരെ കൂടുതൽ പാവപ്പെട്ടവരാക്കാൻ അന്ധമായ ഈശ്വര പ്രാർഥനാദികൾക്കു പുറമെ സർക്കാരുകളുടെ ലോട്ടറി ടിക്കറ്റു വിൽപനകളും കാരണമാകുന്നില്ലേ? പ്രാർഥനകളിലെന്നപോലെ ലോട്ടറി ടിക്കറ്റുകളിലും കുരുങ്ങുന്നവരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ടവർ തന്നെയാണല്ലോ?*

***കെ.വി വാസുദേവൻ കുന്നക്കാവ്***

**ലോട്ട**റി അനേകരുടെ ചെലവിൽ ഒരു പിടിയാളുകളെ സമ്പന്നരാക്കുന്ന ഏർപ്പാടാണ്. പരമാവധി ധനതൃഷ്ണ വളർത്തി അയഥാർഥമായ വാഗ്ദാനങ്ങൾ നൽകി കോടിക്കണക്കിന് ജനങ്ങളെ വഞ്ചിക്കുകയും ചൂഷണം ചെയ്യുകയുമാണ് സ്വകാര്യ ലോട്ടറിയായാലും സർക്കാർ ലോട്ടറിയായാലും ചെയ്യുന്നത്. ലോട്ടറി ടിക്കറ്റുകൾ വാങ്ങിക്കൂട്ടുന്നത് ശീലമാക്കിയ അനേകം പേർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ പോലും കുറവല്ല.

പ്രാർഥന പണം മുടക്കിയുള്ള ഇടപാടല്ല. വിശ്വാസികൾ ആത്മാർഥമായി പാപമോചനത്തിനും ആഗ്രഹങ്ങൾ സഫലീകരിക്കാനും ദുരിതങ്ങൾ അകറ്റാനും ദൈവത്തോട് നടത്തുന്ന അപേക്ഷയാണ്. അത് കൊണ്ട് ഒരു നഷ്ടവും ആർക്കും വരാനില്ല. പ്രാർഥന സ്വീകരിക്കപ്പെട്ടാലും മറ്റൊരാളുടെ ചെലവിലല്ല അത്. പുരോഹിതന്മാർ പടച്ചുണ്ടാക്കിയ ഹോമമന്ത്രാദി അനാചാരങ്ങളെക്കുറിച്ചല്ല ഇപ്പറഞ്ഞത്. അത് പണം പിടുങ്ങാനുള്ള ഏർപ്പാടാണ്. പ്രവാചകന്മാർ പഠിപ്പിച്ചതല്ല. ■